**തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ നടപടിക്രമം**

(ഹാജർ : Apurva Tripathi IAS)

സംഗ്രഹം

വിഷയം : തദ്ദേശസ്വയംഭരണ വകുപ്പ് - പ്രിൻസിപ്പൽ ഡയറക്ടറേറ്റ്– ജീവനക്കാര്യം - ശ്രീമതി. രാജേശ്വരി.ജി, സീനിയർ ക്ലാർക്ക് (മുൻ പഞ്ചായത്ത് വകുപ്പ്) ന്റെ സീനിയോറിറ്റി പുന:ക്രമീകരിച്ച് ഉത്തരവാകുന്നു.

**ഉത്തരവ് നമ്പർ .LSGD/PD/1359/2026-GEA3 തീയതി:30-03-2026**

പരാമർശം:

1) തദ്ദേശസ്വയംഭരണ വകുപ്പിലെ പ്രിൻസിപ്പൽ ഡയറക്ടറുടെ 11.01.2026 തീയതിയിലെ LSGD/PD/20810/2025-DEC5 നമ്പർ ഉത്തരവ്.

2) തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 16.02.2026 തീയതിയിലെ LSGD/PD/1359/2026-GEA3 നമ്പർ നോട്ടീസ്.

3) പഞ്ചായത്ത് ഡയറക്ടറുടെ 23.05.2018 തീയതിയിലെ ഇ5-38675/2017 നമ്പർ ഉത്തരവ്.

**ഉത്തരവ്**

ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഭാഗമായ മുൻ പഞ്ചായത്ത് വകുപ്പിൽ സീനിയർ ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി. രാജേശ്വരി. ജി യുടെ സീനിയർ ക്ലാർക്ക് തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റ തീയതി പരാമർശം(1) ഉത്തരവ് പ്രകാരം 29.10.2014 തീയതിയിലേക്ക് പുനക്രമീകരിച്ച് ഉത്തരവായിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ ശ്രീമതി. രാജേശ്വരി. ജി- യുടെ സീനിയർ ക്ലാർക്ക് തസ്തികയിലെ സീനിയോറിറ്റി പരാമർശം (2) പ്രകാരം പുനക്രമീകരിച്ച് കരട് പ്രസിദ്ധീകരിച്ചിരുന്നു. ടി കരട് പ്രസിദ്ധീകരിച്ചതിൽ ആക്ഷേപങ്ങളൊന്നും തന്നെ ലഭ്യമായിട്ടില്ല.

മേൽ സാഹചര്യത്തിൽ ശ്രീമതി. രാജേശ്വരി. ജി യെ 29.10.2010 ന് സ്ഥാനക്കയറ്റം ലഭിച്ചവരോടൊപ്പം ഫീഡർ കാറ്റഗറിയായ ക്ലാർക്ക് തസ്തികയിലെ സീനിയോറിറ്റി ക്രമമായ 124-ന് അനുസൃതമായി പരാമർശം (3) സീനിയോറിറ്റി പട്ടികയിൽ ക്രമ നം.2916 ശ്രീമതി. സജിമോൾ.പി.യു-വിനും ക്രമ നം. 2917 ശ്രീ.കൃഷ്ണകുമാർ.സി- യ്ക്കും ഇടയിലായി ക്രമ നം. 2916എ ആയി ഉൾപ്പെടുത്തിയും പരാമർശം (5) സീനിയോറിറ്റി പട്ടികയിൽ ശ്രീമതി. രാജേശ്വരി. ജി ഉൾപ്പെട്ട ക്രമ നം. 3171 DELETED എന്നും രേഖപ്പെടുത്തിയും പ്രസ്തുത സീനിയോറിറ്റി പട്ടിക പുനക്രമീകരിച്ചും അപ്രകാരം ഭേദഗതി ചെയ്തും ഉത്തരവാകുന്നു.

Apurva Tripathi IAS
DIRECTOR (RURAL)

പകർപ്പ്:
1. എല്ലാ ജില്ലാ ജോയിന്റ് ഡയറക്ടർമാർക്കും
2. വ്യക്തിയ്ക്ക് (നിലവിലെ സ്ഥാപന മേധാവി മുഖേന)

3. ജൂനിയർ സൂപ്രണ്ട് (DEB സെക്ഷൻ)
4. സിസ്റ്റം സൂപ്പർവൈസർ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
5. കരുതൽ ഫയൽ / ഓഫീസ് കോപ്പി

Signed by
Apurva Tripathi
Date: 30-03-2026 17:48:55